# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1974 — 13.06.2019-ൽ മറുപടിക്ക്

**<u>ശ്രീജിത്ത് എന്ന യുവാവിന്റെ കസ്റ്റഡി മരണം</u>**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.ഒ. രാജഗോപാൽ | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) വരാപ്പുഴയിലെ ശ്രീജിത്ത് എന്ന യുവാവിന്റെ കസ്റ്റഡി മരണം സംബന്ധിച്ച കേസിന്റെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കാമോ;<br>(ബി) ഈ കസ്റ്റഡി മരണത്തിന്റെ പിന്നിലെ ഗൂഢാലോചന അന്വേഷിച്ച് ഉത്തരവാദികളുടെ പേരിൽ നടപടി സ്വീകരിക്കുമോ; | (എ) യും (ബി) യും | ശ്രീജിത്ത് എന്ന യുവാവിന്റെ കസ്റ്റഡി മരണവുമായി ബന്ധപ്പെട്ട് വരാപ്പുഴ പോലീസ് സ്റ്റേഷൻ ക്രൈം നം. 321/2018 നമ്പർ കേസ് നിലവിൽ അന്വേഷണാവസ്ഥയിലാണ്. നാളിതുവരെയുള്ള അന്വേഷണത്തിൽ ഗൂഢാലോചന നടന്നതായി വെളിവായിട്ടില്ല. ഈ കേസിൽ ഒന്നു മുതൽ ഒൻപതുവരെ പ്രതികളായ പോലീസ് ഉദ്യോഗസ്ഥരെ പ്രോസിക്യൂട്ട് ചെയ്യുന്നതിന് 197 CrPC (1)(b) പ്രകാരമുള്ള പ്രോസിക്യൂഷൻ അനുമതി ലഭിച്ചിട്ടുള്ളതും പ്രസ്തുത കേസിലേക്ക് കുറ്റപത്രം തയ്യാറാക്കി വരുന്നതുമാകുന്നു. |
| (സി) ഈ കേസിലെ കുറ്റാരോപിതരായ പോലീസ് ഉദ്യോഗസ്ഥരുടെ പേരിൽ ഏതെല്ലാം വകുപ്പുകൾ പ്രകാരം കേസ് എടുത്തിട്ടുണ്ടെന്ന് അറിയിക്കാമോ; | (സി) | ടി കേസിലെ 1 മുതൽ 3 വരെയുള്ള പ്രതികൾക്കെതിരെ 323, 325,342, 302, 34 IPC & 116 KP Act 2011 വകുപ്പുകളും 4-ാം പ്രതിക്കെതിരെ 323, 325, 342, 302, 331, 167, 192, 211, 34 IPC & 116 KP Act 2011 വകുപ്പുകളും 5-ാം പ്രതിക്കെതിരെ 218, 220, 167, 192, 211, 201, 34 IPC & 116 KP Act 2011 വകുപ്പുകളും, 6-ാം പ്രതിക്കെതിരെ 342, 218, 167, 211, 220, 34 IPC & 116 |

KP Act 2011 വകുപ്പുകളും 7 മുതൽ 9 വരെയുള്ള പ്രതികൾക്കെതിരെ 342, 220, 34 IPC & 116 KP Act 2011 വകുപ്പുകൾ പ്രകാരവുമാണ് കേസ് എടുത്തിട്ടുള്ളത്.

| | |
|---|---|
| (ഡി) ഈ പോലീസ് ഉദ്യോഗസ്ഥരെ സർവ്വീസിൽ തിരിച്ചെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരെ എവിടെയൊക്കെയാണ് നിയമിച്ചിരിക്കുന്നത്; | (ഡി) ഉണ്ട്. കോസ്റ്റൽ പോലീസ് സ്റ്റേഷൻ ഫോർട്ട് കൊച്ചി, ഡിസ്ട്രിക്റ്റ് ക്രൈം ബ്രാഞ്ച് എറണാകുളം റൂറൽ, ഡി.എച്ച്.ക്യൂ കളമശ്ശേരി എന്നിവിടങ്ങളിലാണ് നിയമിച്ചിട്ടുള്ളത്. |
| (ഇ) കേസ് അട്ടിമറിയ്ക്കാൻ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ശ്രമം ഉണ്ടാകുന്നതായ ആക്ഷേപത്തിന്മേൽ എന്തൊക്കെ ബദൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ഇ) അത്തരമൊരു ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

**സെക്ഷൻ ഓഫീസർ**